**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1041 **02.12.2015** ലെ മറുപടിക്ക്

<u>പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം പട്ടികജാതി കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്തവയിൽ 113 കോളനികളിലും 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 102 കോളനികളിലുമായി ആകെ 215 പട്ടികജാതി കോളനികളിൽ ടി പദ്ധതിയിൻ കീഴിലെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാമാണ് പൂർത്തീകരിക്കുവാനുള്ളതെന്നും വിശദമാക്കുമോ; | (ബി) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ രണ്ട് ഘട്ടമായി തെരഞ്ഞെടുത്ത 215 കോളനികളിൽ 19 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തി യായിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിലെ<br><br>1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാതയുടെ നിർമ്മാണം<br>2. ആശയവിനിമയ സൗകര്യം<br>3. ഡ്രെയിനേജ് സൗകര്യങ്ങൾ<br>4. കുടിവെള്ള പദ്ധതികൾ<br>5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സാനിറ്റേഷൻ<br>7. മാലിന്യ നിർമ്മാർജ്ജനം<br>8. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ /കളിസ്ഥലം മുതലായവ<br>7. സ്ഥലം വികസിപ്പിക്കൽ / സംരക്ഷണഭിത്തി നിർമ്മാണം<br>8. സോളാർ തെരുവു വിളക്ക്<br>9. ഭവനപുനരുദ്ധാരണം<br>10 അടുക്കളത്തോട്ടം |

| | | | |
|---|---|---|---|
| | | | 11 വരുമാനദായക പദ്ധതി/ മൃഗസംരക്ഷണം / ഹോർട്ടികൾച്ചർ/ വീവിങ്ങ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)<br>12. കോളനിയിലേയ്ക്ക് ആവശ്യമായിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ<br><br>തുടങ്ങിയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ട്. ഈ വികസന പ്രവർത്തനങ്ങൾ 2015-16 സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബന്ധപ്പെട്ട ഏജൻസികൾക്ക് പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ശുപാർശ നൽകേണ്ടതെന്നാണെന്നും ഇല്ലെങ്കിൽ നിർത്തലാക്കേണ്ടി വന്ന സാഹചര്യവും വ്യക്തമാക്കുമോ; | (സി) | 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പുതുതായി കോളനികളെ ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്തിട്ടില്ല. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, അവയുടെ പ്രവർത്തന പുരോഗതി പരിശോധിച്ച ശേഷം മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ. |
| (ഡി) | ആറ്റിങ്ങൽ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനം നടത്തുന്ന പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ? | (ഡി) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 2012-13 വർഷത്തിൽ ഞായലിൽ കോളനി, ഇടവനക്കോണം കോളനി എന്നിവയും 2013-14-ൽ തോപ്പിൽ കോളനിയെയും ആണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഞായലിൽ കോളനിയിൽ 90%-വും ഇടവനക്കോണം കോളനിയിൽ 80% -വും തോപ്പിൽ കോളനിയിൽ 40% -വും പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ